# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4153 16.03.2017 -ലെ മറുപടി

## കനാലുകളുടെ നവീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി | | മാത്യു.ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ കനാലുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിനുകീഴിലെ ശിരുവാണി പ്രോജക്ട് സർക്കിളിൽപ്പെട്ട മലമ്പുഴ, മംഗലം, പോത്തുണ്ടി പദ്ധതികളിൽ ഏകദേശം 80 ശതമാനവും, ചിറ്റൂർപ്പുഴ പദ്ധതിയിൽ 88 ശതമാനവും കാഡാ കനാൽ നവീകരണപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര വലതുകര പ്രധാനകനാലുകളിലും വിതരണികളിലും ആവശ്യമായ ഭാഗങ്ങളിൽ അറ്റകുറ്റപണികൾ നടന്നു വരുന്നുണ്ട്. പ്രോജക്ട് സർക്കിൾ കണ്ണൂരിന് കീഴിലുള്ള പഴശ്ശി ജലസേചന പദ്ധതിയുടെ പ്രധാനകനാലിന്റെ തകർന്ന ഭാഗങ്ങളിൽ ചെയിനേജ് 300 മീറ്ററിൽ പ്രവൃത്തിക്കായുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കാരാപ്പുഴ ജലസേചന പദ്ധതിയിലെ കനാൽ നവീകരണത്തിനായി ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ കനാൽ നവീകരണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. നവീകരണം പൂർത്തീകരിച്ച ഭാഗങ്ങളിൽ ജലവിതരണം നടത്തിവരുന്നുണ്ട്.<br>പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിനുകീഴിലെ നെയ്യാർ, കല്ലട, ചാലക്കുടി റിവർ ഡൈവർഷൻ സ്കീം, പെരിയാർവാലി, മൂവാറ്റുപുഴ വാലി, ചിമ്മിനി, വാഴാനി, ചീരക്കുഴി എന്നീ ജലസേചന പദ്ധതികളുടെ കനാലുകൾ കാലപ്പഴക്കം ചെന്നതിനാൽ നവീകരിക്കേണ്ടതുണ്ടെങ്കിലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ അപര്യാപ്തതമൂലം നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ സാധിക്കുന്നില്ല. എന്നിരുന്നാലും |
| (ബി) ഏതെല്ലാം കനാലുകളാണ് നവീകരണം പൂർത്തിയാക്കിയതെന്ന് വിശദമാക്കാമോ; | | |

വർഷംതോറും അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു.

(സി) സംസ്ഥാനത്തെ ജലാശയങ്ങൾ മലിനമാക്കുന്നതിനെതിരെയും ജലചൂഷണത്തിനെതിരെയും എന്തെല്ലാം നിയമങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

സംസ്ഥാനത്തെ ജലാശയങ്ങൾ മലിനമാക്കുന്നതിനെതിരെ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത ജലമലിനീകരണ നിയന്ത്രണവും നിവാരണവും നിയമം, 1974 നിലവിലുണ്ട്.

(ഡി) മഴനിഴൽ പ്രദേശമായി അംഗീകരിച്ച ജില്ലകൾ കഠിനമായ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ പ്രത്യേക സാമ്പത്തിക സഹായമോ പദ്ധതികളോ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

2017-18 വാർഷിക പദ്ധതിയിൽ ക്ലാസ് II ചെറുകിട ജലസേചനപദ്ധതികൾക്കായി 22 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ തടയണകൾ നിർമ്മിക്കുന്നതിനും ജലം ശേഖരിക്കുന്നതിനും ഉള്ള നിർമ്മാണ പ്രവൃത്തികൾക്കും പാലക്കാട് ജില്ലയിലെ കൊല്ലംകോട്, ചിറ്റൂർ ബ്ലോക്കുകളിലെ മഴനിഴൽ മേഖലയിലുള്ള കുളങ്ങൾ നവീകരിക്കുന്നതിനും തുക വകയിരുത്തിയിരിക്കുന്നു.

കാവേരി നദീതടത്തിലെ കുളങ്ങളുടെ നവീകരണത്തിനുൾപ്പെടെ ക്ലാസ് II ചെറുകിട ജലസേചനപദ്ധതികൾക്കായി 22 കോടി രൂപ നീക്കിവച്ചിട്ടുള്ളതിൽ ഇടുക്കി ജില്ലയിലെ മഴനിഴൽ മേഖലകളായ വട്ടവട, കാന്തല്ലൂർ എന്നീ പ്രദേശങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്. ജലം ശേഖരിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ, കുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും എന്നീ പ്രവർത്തികളാണ് ഈ വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്നത്. ഇടുക്കി, വയനാട് ജില്ലകളിലെ മഴനിഴൽ മേഖലകളിൽ പ്രാധാന്യം നൽകുന്നതിനായി ആകെയുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ അവികസിത പട്ടിക വർഗ്ഗ മേഖലയായ അട്ടപ്പാടിയിൽ ഭവാനി നദിതടത്തിൽ മഴനിഴൽ മേഖലക്കായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ചിറ്റൂർപ്പുഴ പദ്ധതിയുടെ കീഴിൽ വരുന്ന മഴനിഴൽപ്രദേശങ്ങളിൽപ്പെടുന്ന കൊഴിഞ്ഞാമ്പാറ സബ്ഡിവിഷന്റെ കീഴിൽ വരുന്ന മൂലത്തറ വലതുകര കനാൽ കോരയാർ മുതൽ വരട്ടയാർ വരെ നീട്ടുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ